**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1781** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | null (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി IIM കൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠനത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019 ഡിസംബറിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുകയും പുതുതായി കൂടുതൽ യാത്രാവശ്യമുള്ളതും ഉണ കരവുമായ റൂട്ടുകളിലേയ്ക്ക് അധിക സർവ്വീസുകൾ നടത്തിയും ഷെഡ്യൂളുകൾ 6000 ആക്കി വർദ്ധിപ്പിച്ച് പ്രതിദിന വരുമാനം 10 കോടിയാക്കി വർദ്ധിപ്പിക്കാൻ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. (i) സിറ്റി സർക്കുലർ - 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗരപരിധിയിൽ സർക്കുലർ സർവ്വീസുകൾ 2021 നവംബർ മാസം മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. (ii) സമുദ്ര ബസ് പദ്ധതി - മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും തിരുവനന്തപുരം സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോട്ടു കൂടിയ വ്യത്യസ്ഥ നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്തു വരുന്നു. (iii) ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ് - കെ.എസ്.ആർ.ടി.സി. ലോഫ്ളോർ എ.സി. ബസ്സുകളിലും ദീർഘദൂര മൾട്ടി ആക്സിൽ |

സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്ര വാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. (iv) ബൈപ്പാസ് റൈഡർ / ചെയിൻ സർവ്വീസുകൾ / വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ - ലോ ഫ്ളോർ എ.സി. ബസ്സുകൾ കൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം - കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾ വഴി ബൈപാസ് റൈഡർ ആയി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. (v) സിറ്റി ഷട്ടിൽ സർവ്വീസുകൾ - തിരുവനന്തപുരം നഗരത്തിലെ പൊതു ഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി "സിറ്റി ഷട്ടിൽ" എന്ന പേരിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് പ്രത്യേക സർവ്വീസ് നടത്തി വരുന്നു. ഗ്രാമാതിർത്തിയിൽ നിന്നുള്ള യാത്രക്കാരെ നഗരപരിധിയിൽ എത്തിക്കുന്നതിനു വേണ്ടി യുള്ള സുഗമമായ യാത്രാസൗകര്യം ഒരുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. (vi) സിറ്റി റേഡിയൽ സർവ്വീസ് - തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്ത് നിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളാണ് സിറ്റി റേഡിയൽ സർവ്വീസ്. മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ. ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുകയും മുഴവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുകയും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുകയും സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുകയും ദീർഘദൂര യാത്രക്കാർക്ക് സൗകര്യപ്രദമായ നിരവധി സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന ശ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് പ്രവർത്തനം ആരംഭിച്ചി ട്ടുണ്ട്. കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും, ആയതിലൂടെ കോർപ്പറേഷന്റെ നേരിട്ടുള്ള ഇടപെടലിലൂടെ ബസുകളിലും, ബസ് സ്റ്റേഷനുകളിലും പരസ്യം പതിപ്പിക്കുന്നതിനും, ഷോപ്പ്

| | | | |
|---|---|---|---|
| | | | ഓൺ വീൽസ് പദ്ധതികൾക്ക് കരാറുകാരെ കണ്ടെത്തുകയും, കൂടാതെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും ബസുകൾ വാടകയ്ക്ക് നൽകൽ, 'സ്ലീപ് ഓൺ വീൽസ്.' പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. കൂടാതെ, ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്.മെന്റ് സിസ്റ്റം, ഇ-ഓഫീസ്, കെ.എസ്.ആർ.ടി.സി.യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസെഷൻ സേവനങ്ങൾ ഓൺ ലൈനിൽ ലഭ്യമാക്കുന്നത്, ക്രൂ റോസ്റ്ററിങ് & ബസ് ഷെഡ്യൂളിങ് സോഫ്റ്റ്‌വെയർ, ERP സൊല്യൂഷൻ, ഓൺലൈൻ പരാതി പരിഹാര സംവിധാനം എന്നീ സംവിധാനങ്ങളും നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഇന്ധന വില കുറവുള്ള സി.എൻ.ജി. ബസുകൾ 310 എണ്ണം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. |
| (ബി) | വിവിധ ജില്ലകളിൽ കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിൽ നിഷ്ക്രിയ ആസ്തിയായി കിടക്കുന്ന ഭൂമി എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | നിഷ്ക്രീയ ആസ്തിയായി കെ.എസ്.ആർ.ടി.സി. യ്ക്ക് ഭൂമി ഒന്നും തന്നെയില്ല. നിലവിൽ വിവിധയിടങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ബസ് പാർക്കിംഗ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ ബസ് സ്റ്റാന്റ് ഉൾപ്പെടെയുള്ള ആസ്തിയിൽ വരുമാനകരമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് അറിയിക്കാമോ? | (സി) | കെ.എസ്.ആർ.ടി.സിയുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന ശ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിലൂടെയും, ബസ് സ്റ്റേഷനിൽ പരസ്യം, ബസ്സുകളിലെ പരസ്യം മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചു വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാതലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ |

| | | | |
|---|---|---|---|
| | | | ഗണ്യമായ കുറവു വന്നെങ്കിലും നൂതന വരുമാന മാർഗ്ഗത്തിലൂടെ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി മാർക്കറ്റിംഗ് ടീമിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ യൂണിറ്റുകളിൽ ഹോർഡിംഗ്സിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ കോട്ടയം, പെരിന്തൽമണ്ണ, പൊന്നാനി യൂണിറ്റുകളിൽ, യൂണിറ്റ് തലത്തിൽ ടെണ്ടർ നടത്തി ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ